മുഖ്യമന്ത്രി (ശ്രീ. ഇ.കെ. നായനാർ) : സർ, വിവിധ ക്യാമ്പുകളിലായി ഇപ്പോൾ പരിശീലനം നേടിക്കൊണ്ടിരിക്കുന്ന 2583 പോലീസ് കോൺസ്റ്റ ബിൾ റിക്രൂട്ടുകൾക്കുപുറമേ 1150 പേർക്കുക്കൂടി 15.7.99-ൽ പരിശീലനം ആരം ഭിക്കും. ഇതിൽ കെ.എ.പി. രണ്ടാം ബറ്റാലിയനിലുണ്ടായ 122 ഒഴിവുകളി ലേയ്ക്ക് അഡ്വൈസ് ചെയ്യപ്പെട്ടവർ 1997-ൽ നിലവിൽ വന്ന മെയിൻ റാങ്ക് ലിസ്റ്റിൽ നിന്നുള്ളവരാണ്. ഇനി റിപ്പോർട്ടു ചെയ്യപ്പെടുന്ന ഒഴിവുകളിലേയ്ക്ക് നിലവിലുള്ള നിബന്ധനകൾക്കു വിധേയമായി സപ്ലിമെന്ററി ലിസ്റ്റിൽനിന്നും നിയമനം നടത്തും.

(6) ഓർഫനേജുകളിൽ താമസിച്ച് പഠിക്കുന്ന കുട്ടികളുടെ ഗ്രാന്റ് തുക വർദ്ധിപ്പിക്കണമെന്ന ആവശ്യം

ശ്രീ. പി.കെ.കെ. ബാവ : സർ, സർക്കാരിനും സമൂഹത്തിനും വലിയ ബാധ്യതയും വലിയ ഭാരവുമാകുമായിരുന്ന അനാഥ ബാലികാബാലൻമാരെ തെരഞ്ഞുപിടിച്ച് അവർക്കാവശ്യമായ താമസം, ഭക്ഷണം, വസ്ത്രം, വിദ്യാ ഭ്യാസം, ആരോഗ്യം തുടങ്ങിയവ എല്ലാം നൽകുന്ന കേരളത്തിലെ അനാഥാല യങ്ങൾക്ക് ഗവൺമെന്റ് നൽകിവരുന്ന ഗ്രാന്റ് ഒരു കുട്ടിക്ക് 100 രൂപ എന്നുള്ള തോതിലാണ്. എന്നാൽ ഈ സ്ഥാപനങ്ങൾ ഭൂരിപക്ഷവും ആശ്രയിക്കുന്നത് നാട്ടിലെ ഉദാരമതികളിൽനിന്നും സംഭാവനയായി ലഭിക്കുന്ന നാണയത്തുട്ടു കളെ മാത്രമാണ്. ഇന്നത്തെ സാമ്പത്തിക മാന്ദ്യം അനാഥാലയങ്ങളുടെ സാമ്പ ത്തികസ്ഥിതിയേയും നിലനിൽപ്പിനേയും പ്രതികൂലമായി ബാധിച്ചിരിക്കുന്നു. ഈ സാഹചര്യത്തിൽ ഇപ്പോൾ നൽകിവരുന്ന ഗ്രാന്റ് തക്കസമയത്ത് നൽകു ന്നതിനും അതോടൊപ്പം 100 രൂപയെന്നുള്ളത് 250 രൂപയാക്കി വർദ്ധിപ്പിക്കുന്ന തിനും ഗവൺമെന്റ് പ്രത്യേകം താല്പര്യം കാണിക്കണമെന്നഭ്യർത്ഥിക്കുന്നു.

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി സുശീലാ ഗോപാലൻ) : സർ, ഓർഫനേജ് കൺട്രോൾ ബോർഡിലെ ശുപാർശയനുസ രിച്ച് ഏതാണ്ട് 477 സ്ഥാപനങ്ങളിലായി 44720 അന്തേവാസികൾ ഇന്നുണ്ട്. അവർക്ക് ഈ വർഷത്തെ ബഡ്ജറ്റിൽ 193.59 ലക്ഷം രൂപയാണുള്ളത്. കമ്മി യായിട്ടുള്ളത് 172.41 ലക്ഷം രൂപയാണ്. ഈ ഗവൺമെന്റ് അധികാരത്തിൽ വരുമ്പോൾ രണ്ടു കോടിയോളം രൂപ കുടിശ്ശികയുണ്ടായിരുന്നു. അതടക്കം കൊടുത്തു തീർത്താണ് ഇപ്പോൾ ഈ സ്ഥിതിയിലെത്തിയിരിക്കുന്നത്. ഇവർക്കുള്ള സഹായം 250 രൂപയായി വർദ്ധിപ്പിച്ചാൽ ഏതാണ്ട് 449 ലക്ഷം രൂപയുടെ അധിക ബാധ്യത വരും. ഇത് ഏറ്റെടുക്കാനുള്ള സാമ്പത്തിക സ്ഥിതി ഇന്നില്ല. മെച്ചപ്പെട്ട സമയം വരുമ്പോൾ അതിനെക്കുറിച്ച് ആലോചി ക്കാം. ഇന്നത്തെ സ്ഥിതിയിൽ ഇത് ആലോചിക്കാൻ സാധ്യമല്ല.

(7) കയർപിരി മേഖലയിലെ സ്തംഭനാവസ്ഥ

ശ്രീ. പി.ജെ. ഫ്രാൻസിസ് : സർ, സി.പി.എം.ന്റെ ചകിരി പിടുത്ത സമരംമൂലം ചേർത്തല താലൂക്കിലെയും അമ്പലപ്പുഴ താലൂക്കിലെ ചില പ്രദേ ശങ്ങളിലെയും കയർപിരി മേഖല സ്തംഭിച്ചിരിക്കുകയാണ്. തന്നെയുമല്ല, ഇരുപത് തൊഴിലാളികൾ ഇപ്പോൾ പട്ടിണിയിലാണ്. അവർ മിനിമം കൂലിക്കുവേണ്ടി മെയ്മാസത്തിൽ സമരം ചെയ്തിരുന്നതാണ്. അന്ന് വ്യവ സായ വകുപ്പുമന്ത്രി വിളിച്ചുകൂട്ടിയ ത്രികക്ഷി സമ്മേളനത്തിൽ കൂലി തീരുമാ നമുണ്ടായി. അതനുസരിച്ച് സി.ഐ.ടി.യുവും എ.ഐ.ടി.യു.സി.യും ഐ.എൻ.

LIBRARY ARCHIVES Kerala Legislative Assembly

ടി.യു.സി.യും ഇറക്കിയ നോട്ടീസ് ആണിത്. ആയത് വൈക്കം കയറിന് 100 മുടിക്ക് 76.50 രൂപയും. കർണ്ണാട്ടിക് കയറിന് 104 രൂപയുമാണ്. ഇതെല്ലാം നടപ്പിലാക്കണമെന്ന് പറഞ്ഞു. പക്ഷേ ഈ തീരുമാനം സി.പി.എം.-ന് വലിയ നേട്ടമുണ്ടായില്ലെന്ന് കണ്ടിട്ട് അവർ ഇപ്പോൾ ചകിരി പിടുത്ത സമരം തുടങ്ങിയിരിക്കുകയാണ്. സി.ഐ.ടി.യു.വിന്റെ അംഗീകാരവും അതിനുണ്ട്. എന്തിന് 104 രൂപയ്ക്ക് പകരം ഇപ്പോൾ 93 രൂപ കൊടുത്താൽ മതിയെന്നാണ് സി.ഐ.ടി.യുവും സി.പി.എം.-ഉം പറയുന്നത്. വൈക്കം കയറിനാണെങ്കിൽ 76.50 രൂപക്ക് 63.50 രൂപ കൊടുത്താൽ മതി. എന്നിട്ട് കർണ്ണാട്ടിക് കയർ പിരിക്കുന്നത് ചില മേഖലയിലാണ്. വൈക്കം കയർ പിരിക്കുന്നത് ചില മേഖലയിലാണ്. അപ്പോൾ ഇതിന് സി.ഐ.ടി.യുവിന്റെ താലൂക്ക് കമ്മിറ്റിയുടെ അംഗീകാരം വാങ്ങിക്കണം, എന്നിട്ട് സി.പി.എം.-ന്റെ ലോക്കൽ ഓഫീസിൽ ചെന്ന് ഒരു എഴുത്തുവാങ്ങിച്ചാലേ ചെറുകിടക്കാരന് ചകിരിയും കയറും കൊണ്ടുപോകാൻ കഴിയുകയുള്ളൂ. തണ്ണീർമുക്കം സൗത്ത് വില്ലേജ് കമ്മിറ്റി പുറപ്പെടുവിച്ച ഒരു പ്രസ്താവനയിൽ പറയുന്നത് ചേർത്തല താലൂക്ക് കയർത്തൊഴിലാളി യൂണിയൻ സി.ഐ.ടി.യുവും തണ്ണീർമുക്കം വില്ലേജ് കമ്മിറ്റിയുംകൂടി ആ പ്രദേശങ്ങളിലെ സാഹചര്യങ്ങൾ കണക്കിലെടുത്ത് നൂറു മുടി കർണ്ണാട്ടിക് കയറിന് 93 രൂപ കൂലി വാങ്ങിയാൽ മതിയെന്ന് തീരുമാനിച്ചിരിക്കുന്നു. എന്നിട്ട് പിന്നെ പറഞ്ഞിരിക്കുന്നു, കൂലി നടപ്പിലാക്കിയവർക്ക് ചകിരി കയറ്റിവിടുന്നതിനും കയർ കയറ്റിവിടുന്നതിനും വേണ്ട എല്ലാവിധ സംരക്ഷണവും ചെയ്തുകൊടുക്കാൻ യൂണിയൻ തീരുമാനിച്ചിരിക്കുന്നു. ഓരോ ദിവസവും വ്യവസ്ഥാപിതമായ കൂലി കൊടുക്കുന്നവരുടെ പേരുവിവരം പിന്നാലെ പ്രസിദ്ധപ്പെടുത്തണം. അപ്പോൾ സി.ഐ.ടി.യു.വിന്റെ അടുത്തുനിന്ന് ഈ ആൾ കൂലി കൊടുക്കുന്ന ആളാണെന്നു പറഞ്ഞ് എഴുത്ത് എഴുതി വാങ്ങിക്കണം. എന്നിട്ട് സി.പി.എം. ലോക്കൽ കമ്മിറ്റി ഓഫീസിൽ കൊണ്ടുവന്ന് ഈ ആളുടെ ചകിരി കൊണ്ടുപോകാൻ അംഗീകാരം വാങ്ങിക്കണം. അങ്ങനെ എഴുത്തു വാങ്ങാത്തവരുടെ ചകിരിയും കയറും വാഹനവും തടഞ്ഞുവയ്ക്കുന്നു. ചകിരി പിടിച്ചെടുക്കുന്നു. നിയമം കൈയിലെടുത്ത് നടക്കുന്നവരെ സംരക്ഷിക്കരുത്. അതിനുള്ള പരിഹാരമുണ്ടാക്കണമെന്ന് ബഹുമാനപ്പെട്ട വ്യവസായ വകുപ്പുമന്ത്രിയോട് അഭ്യർത്ഥിക്കുകയാണ്.

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി സുശീലാ ഗോപാലൻ) : സർ, ഈ ഗവൺമെന്റ് അധികാരത്തിൽ വരുമ്പോൾ കയർപിരി തൊഴിലാളികളുടെ കൂലി ഏതാണ്ട് 30-35 രൂപയായിരുന്നു. അവർ ഇടക്കാലത്ത് ഒരു സമരം ചെയ്തതിന്റെ ഫലമായി അന്ന് ഒത്തുതീർപ്പിന് വിളിച്ചുകൂട്ടിയ യോഗത്തിൽ 10 രൂപ വർദ്ധിപ്പിക്കാൻ തീരുമാനിച്ചിരുന്നു. മുതലാളിമാരും ഇടത്തരം ഉല്പാദകരും, തൊഴിലാളി പ്രതിനിധികളും ഒത്തുചേർന്നാണ് തീരുമാനിച്ചത്. അത് ക്രമാനുഗതമായി നടപ്പിലാക്കി. അവർക്ക് യഥാർത്ഥത്തിൽ കിട്ടേണ്ട കൂലി ഡി.എ. ഉൾപ്പെടെ 80 രൂപയാണ്. 10 രൂപ വർദ്ധിപ്പിച്ചപ്പോൾ 40 മുതൽ 45 രൂപ വരെ കിട്ടും. ഇനി മിനിമം കൂലി കുറയ്ക്കാൻ പാടില്ല എന്നു പറഞ്ഞ് ഈ അടുത്ത കാലത്ത് അവർ വീണ്ടും സമരം നടത്തി. അത് എഗ്രീഡ് വേജസാണ്. യഥാർത്ഥത്തിൽ മിനിമം വേജസ് കൊടുക്കുന്നില്ല. അതുകൊണ്ട് എഗ്രീഡ് വേജസിൽ തന്നെ കുറെക്കൂടി വർദ്ധനവ് വരുത്തണമെന്ന് മുതലാളിമാരുടെ പ്രതിനിധികളും ഗവൺമെന്റ് പ്രതിനിധികളും തൊഴിലാളി സംഘടനകളും കൂടിയിരുന്നാണ് 11 രൂപയാക്കാൻ തീരുമാനിച്ചത്. ഇപ്പോൾ സംസ്ഥാന വ്യാപകമായി മിക്കവാറും എല്ലാ സ്ഥലത്തും ഈ വർദ്ധനവ് നടപ്പിലാക്കിയിട്ടുണ്ട്. ചേർത്തല താലൂക്കിൽ ചെറിയ റെസിസ്റ്റന്റ്സ് മുതലാളിമാരിൽനിന്നും ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

തൊഴിലാളികൾ സമരം ചെയ്യുമ്പോൾ അവരുടെ സമരം വിജയിക്കാൻ ആവശ്യമായ കാര്യങ്ങളൊക്കെ ചെയ്യും. ബഹുമാനപ്പെട്ട മെമ്പറോട് എനിക്ക് അഭ്യർത്ഥിക്കാനുള്ളത് മുതലാളിമാരോട് നമ്മൾ നിശ്ചയിച്ച കൂലി കൊടുക്കാൻ പറയണം. അതുകൊണ്ട് യാതൊരു നഷ്ടവും വരില്ല.

(8) മാള കെ.എസ്.ആർ.ടി.സി. ഡിപ്പോയുടെ ശോച്യാവസ്ഥ

ശ്രീ. യു.എസ്. ശശി : സർ, മാള കെ.എസ്.ആർ.ടി.സി. ഡിപ്പോയുടെ ശോചനീയാവസ്ഥയെക്കുറിച്ചാണ് ഞാൻ ഈ സബ്മിഷനിലൂടെ ഇവിടെ ഉന്നയിക്കുന്നത്. മാള ഡിപ്പോയിൽ 3 ഷെഡ്യൂളുകൾ ഉണ്ടായിരുന്നു. ഇപ്പോൾ 29 ഷെഡ്യൂളുകൾ മാത്രമാണ് ഉള്ളത്. ഗ്യാരേജിലെ സൗകര്യം വളരെ പരിമിതമാണ്. ഒരേ സമയം രണ്ട് ബസ്സുകൾക്ക് അറ്റകുറ്റപ്പണികൾ നടത്തുന്നതിനുള്ള സൗകര്യങ്ങൾ മാത്രമാണ് ഈ ഗ്യാരേജിലുള്ളത്. ഡ്രൈവർ, കണ്ടക്ടർ, മെക്കാനിക്ക് ഉൾപ്പെടെയുള്ള ജീവനക്കാർ കുറവായതുകൊണ്ട് ഉള്ള ഷെഡ്യൂളുകൾ പൂർണ്ണമായി ഓപ്പറേറ്റ് ചെയ്യാൻ കഴിയുന്നില്ല. നിർത്തൽ ചെയ്ത ഷെഡ്യൂളുകൾ പുനരാരംഭിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കണം. കൃത്യമായി ഓടുന്ന ഷെഡ്യൂളുകൾക്ക് ഏറ്റവും ചുരുങ്ങിയത് 3000-3500 രൂപ വരെ വരുമാനം മാള ഡിപ്പോയിൽ നിന്നും ഓടുന്ന ബസ്സുകളിൽ നിന്നും കിട്ടുന്നു. കേരളത്തിൽ ഏറ്റവും കൂടുതൽ വരുമാനമുള്ള ഡിപ്പോകളിൽ ഒന്നാണ് മാള ഡിപ്പോ. ആ ഡിപ്പോയിൽ ഷെഡ്യൂളുകൾ കൃത്യമായി ഓപ്പറേറ്റ് ചെയ്യാനുള്ള തടസ്സം ഗ്യാരേജിന്റെ സ്ഥലസൗകര്യമില്ലായ്മയാണ്. ഡിപ്പോ തുടങ്ങിയ സമയത്ത് ഉണ്ടായിരുന്ന ഷെഡ്യൂളുകൾ പൂർണ്ണമായും പുനഃസ്ഥാപിക്കാൻ ആവശ്യമായ നടപടികൾ മന്ത്രിയുടെ ഭാഗത്തുനിന്നും സർക്കാരിന്റെ ഭാഗത്തുനിന്നും ഉണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു.

വനവും ഗതാഗതവും വകുപ്പുമന്ത്രി (ഡോ. എ. നീലലോഹിത ദാസൻ നാടാർ) : സർ, 17.8.1986-ൽ 30 ഷെഡ്യൂളുകളോടെയാണ് മാള സബ് ഡിപ്പോ ആരംഭിച്ചത്. തുടർന്ന് താൽക്കാലികമായി പരീക്ഷണാടിസ്ഥാനത്തിൽ കുറെ സർവ്വീസുകൾ ആരംഭിച്ചുവെങ്കിലും വരുമാനം കുറവായതിനാൽ പലതും നിർത്തേണ്ടിവന്നു. വരുമാനം തീരെ കുറവുള്ള സർവ്വീസുകളും ദേശസാൽകൃത മേഖലയല്ലാത്ത സർവ്വീസുകളുമാണ് ഇപ്രകാരം നിർത്തിയിട്ടുള്ളത്. ഇപ്പോൾ മാള ഡിപ്പോയിൽ 29 ഷെഡ്യൂളുകളാണ് ഉള്ളത്. ഇതിനായി 32 ബസ്സുകളും നൽകിയിട്ടുണ്ട്. എന്നാൽ ഇവയിൽ കുറച്ചു ബസ്സുകൾ അറ്റകുറ്റപ്പണികൾക്കായും സി.എഫ്. മുതലായ കാര്യങ്ങൾക്കായും മാറ്റി ഇടേണ്ടിവന്നിട്ടുണ്ട്. മാത്രമല്ല ജീവനക്കാരുടെ കുറവും അനുഭവപ്പെടുന്നുണ്ട്. കുറവുള്ള ഡ്രൈവർമാരെയും മെക്കാനിക്കൽ വിഭാഗം ജീവനക്കാരെയും എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി താൽക്കാലിക നിയമനം നടത്താനുള്ള നിർദ്ദേശം നൽകിയിട്ടുണ്ട്. മാള യൂണിറ്റിലെ പോരായ്മകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സാമ്പത്തികനില മെച്ചപ്പെടുന്നതനുസരിച്ച് മാത്രമേ ഗ്യാരേജിന്റെയും മറ്റും സൗകര്യങ്ങൾ വർദ്ധിപ്പിക്കാനുള്ള നടപടികൾ സ്വീകരിക്കാൻ കഴിയുകയുള്ളൂ. ഇപ്പോൾ കെ.എസ്.ആർ.ടി.സി.യിൽ ആകെ 3801 ഷെഡ്യൂളുകൾ ഉണ്ട്. ഇതിൽ നിശ്ചയിക്കപ്പെട്ടിട്ടുള്ള മാനദണ്ഡം അനുസരിച്ച് 4260 ബസ്സുകൾ ആവശ്യമാണ്. എന്നാൽ 3940 ബസ്സുകളേ കൈവശമുള്ളൂ. അവയിൽ തന്നെ 398-ഓളം ബസ്സുകൾ അറ്റകുറ്റപ്പണികൾക്കും സി.എഫ്. പണികൾക്കുമായിട്ട് നിർത്തിയിടേണ്ടി വന്നിട്ടുണ്ട്. അതുമൂലം കേരളത്തിലെ അങ്ങോളമിങ്ങോളമുള്ള യൂണിറ്റുകളിൽ സർവ്വീസ് ഓപ്പറേഷനിൽ ബുദ്ധിമുട്ട് ഉണ്ടാകാറുണ്ട്. പുതിയ

LIBRARY ARCHIVES Kerala Legislative Assembly